പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. T 2908      28/01/2014 ൽ മറുപടിയ്ക്ക്

## മറയൂർ ഹൈസ്കൂളിലെ എച്ച്.എസ്.എ നിയമനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.കെ. ജയചന്ദ്രൻ : | ശ്രീ: പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) എച്ച്.എസ്.എ (സോഷ്യൽ സ്റ്റഡീസ്-മലയാളം മീഡിയം) തസ്തികയിൽ നിയമനം നടത്തുന്നതിനായി പി.എസ്.സി റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ എന്ന് അറിയാമോ ; പ്രസ്തുത ലിസ്റ്റ് എന്നാണ് നിലവിൽ വന്നതെന്നും ലിസ്റ്റിന്റെ കാലാവധി എന്നുവരെയാണെന്നും അറിയിക്കുമോ ; | (എ) ഉണ്ട്. എച്ച്.എസ്.എ സോഷ്യൽ സ്റ്റഡീസ് (മലയാളം മീഡിയം) തസ്തികയിൽ 16.09.2010-ൽ ഇടുക്കി ജില്ലയിൽ നിലവിൽവന്ന റാങ്ക് ലിസ്റ്റിന്റെ കാലാവധി 30.03.2014 -വരെ ദീർഘിപ്പിച്ചിട്ടുണ്ട്. |
| (ബി) 2014 മാർച്ച് 31 വരെ പ്രസ്തുത തസ്തികയിൽ ഉണ്ടാകാൻ സാധ്യതയുള്ള ഒഴിവുകൾ പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ; | (ബി) 2014-ലെ റിപ്പോർട്ട് ചെയ്യപ്പെടേണ്ട പ്രതീക്ഷിത ഒഴിവുകളിൽ പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യപ്പെടേണ്ട അനുപാതം പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (സി) മറയൂർ ഹൈസ്കൂൾ എച്ച്.എസ്.എ. ശ്രീ. ഉമ്മർക്കുട്ടി സ്ഥലം മാറിപ്പോയതിനെ തുടർന്ന് എച്ച്.എസ്.എ തസ്തികയിൽ ഒഴിവ് ഉണ്ടായത് എന്നാണ് ; ഈ ഒഴിവ് പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്തത് എന്നാണ് ; ഒഴിവ് യഥാസമയം റിപ്പോർട്ട് ചെയ്യാതിരിക്കാനിടയായ സാഹചര്യം വ്യക്തമാക്കാമോ ? | (സി) ജി.എച്ച്.എസ്. മറയൂരിൽ നിന്നും ശ്രീ. ഉമ്മർ വടക്കേപ്പീടികയ്ക്ക് അന്തർജില്ലാ സ്ഥലംമാറ്റം ലഭിച്ചതു വഴിയുള്ള ഒഴിവ് 12.01.2012 -ൽ ഉണ്ടായിട്ടുള്ളതാണ്. ഓരോ വർഷവും ഉണ്ടാകുന്ന ഒഴിവുകളുടെ നിശ്ചിത ശതമാനം (40%) പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളതാണ്. സ്കൂൾ തിരിച്ച് ഒഴിവ് പ്രത്യേകമായി പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യപ്പെടുന്നില്ല. അന്തർജില്ലാ സ്ഥലം മാറ്റം, പ്രമോഷൻ, ബൈട്രാൻസ്ഫർ എന്നിവയ്ക്കായി ഉണ്ടാകുന്ന ഒഴിവുകളുടെ അനുപാതം |

നീക്കിവക്കേണ്ടതുണ്ട്. നിലവിൽ ജി.എച്ച്.എസ്. മറയൂരിലേതുൾപ്പെടെ 3 ഒഴിവുകൾ നിലനിൽക്കുന്നു. അവ അന്തർജില്ലാ സ്ഥലംമാറ്റം പ്രമോഷൻ, ബൈട്രാൻസ്ഫർ എന്നിവക്കായി നിയമപ്രകാരം നീക്കിവക്കപ്പെട്ടിട്ടുള്ളതാണ്. അവ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്യുവാൻ കഴിയുന്നതല്ല.

സെക്ഷൻ ഓഫീസർ